# അന്വേഷണം - റിവ്യൂ

ഇന്ന് ദിനു സ്കൂൾ വിട്ടു വരുമ്പോൾ അവനെ ഒന്നുകൂടി കെട്ടിപ്പിടിക്കണം.
അവന്റെ ലഞ്ച് ബോക്സിലെ ബ്രെഡ് ആരാണെടുത്തു കഴിക്കുന്നതെന്ന
അവന്റെ സെന്റിമെന്റൽ സ്റ്റോറി ഒന്നുകൂടി കേൾക്കണം. അവന്റെ കൂടെ
കാർഡ്സ് കളിക്കാൻ കൂടണം. പില്ലോ ഫൈറ്റ് ചെയ്യണം.റിമോട്ട് കൺട്രോൾ
വീണ്ടും നിലത്തേക്കിടുമ്പോഴും, പ്ലേ സ്റ്റേഷന്റെ ജോയ് സ്റ്റിക്കിൽ
കയ്യൊന്നാകെയമർത്തുമ്പോഴും, ഫ്രിഡ്ജ് ശബ്ദത്തോടെയമർത്തുമ്പോഴും അവനെ
ഞാൻ നോക്കുന്ന ആ 'നോട്ടം' എന്നെന്നേക്കുമായി കണ്ണിൽ നിന്നും പിഴുതു
മാറ്റണം." അച്ഛനെന്നെ ഇങ്ങനെ നോക്കല്ലേ " എന്ന യാചന അവനിൽ നിന്നുമിനി
വരാതെ നോക്കണം.നെഞ്ചിൽ കിടത്തി അവന് വേദനിക്കുന്നത്ര ദൃഢതയിൽ
കെട്ടിപ്പിടിക്കണം.കിലുകിലുന്നനെയുള്ള ആ ചിരി മതിയാവോളം കേൾക്കണം.

അതെ !പ്രശോഭ് വിജയൻ സംവിധാനം ചെയ്ത അന്വേഷണം എന്ന
സിനിമയെപ്പറ്റിത്തന്നെയാണ് എഴുതുന്നത്;ഒന്നര മണിക്കൂർ നേരം
ഒരാശുപത്രിക്കുള്ളിൽ തളച്ചിട്ട, ഉടനീളം ഒരു ലജ്ജയുമില്ലാതെ എങ്ങിക്കരയിച്ച
ആ സിനിമയെപ്പറ്റിത്തന്നെ.ഈയൊരു പോസ്റ്റിനപ്പുറം ഇനി ഞാനാ
സിനിമയെക്കുറിച്ച് സംസാരിക്കാൻ ആഗ്രഹിക്കുകയേ ഇല്ലെന്നു തോന്നുന്നു.
രണ്ടാം പകുതിയിൽ ജയസൂര്യയുടെ അരവിന്ദെന്ന കഥാപാത്രം മകനെയുമെടുത്ത്
സ്റ്റെയർകേസിന്റെ മുകളിൽ നിൽക്കുന്ന ഒരു രംഗമുണ്ട്. കണ്ണീരു കിനിഞ്ഞ്
എന്റെ നെഞ്ചാകെ പിഞ്ഞിക്കീറിയിരുന്നു.തൊണ്ടയിലെന്തോ
കുരുങ്ങിക്കിടക്കുന്നതു പോലെ. എനിക്ക് ശ്വാസം മുട്ടി. ഞാൻ അസഹ്യതയോടെ
കസേരക്കൈകളിൽ അള്ളിപ്പിടിച്ചു.അപ്പോൾ സ്ക്രീനിൽ വിജയ് ബാബു
അരവിന്ദിന്റെ മകനെ നെഞ്ചോടു ചേർക്കുന്നുണ്ടായിരുന്നു. ആ അച്ഛൻ
സ്റ്റെയർകേസിൽ കിടക്കുന്നുണ്ടായിരുന്നു.എനിക്ക് ഓടിപ്പോയി സ്കൂളിൽ നിന്ന്
ദിനുവിനെ വിളിച്ചിറക്കി കെട്ടിപ്പിടിക്കണമെന്നു തോന്നി.ഒന്നിനുമാകാതെ ഞാൻ
എങ്ങലടിച്ചു കരഞ്ഞു.

അന്വേഷണം ഏതൊരു കുടുംബത്തിലും, എപ്പോൾ വേണമെങ്കിലും
സംഭവിക്കാവുന്ന 'ആ ഒരു നിമിഷ'ത്തെപ്പറ്റിയുള്ള കഥയാണ്. എങ്ങനെയാണ്
ജീവിതം മാറിമറിയുന്നതെന്നുള്ള കഥയാണ്. ഓഫ് ചെയ്ത ഷവർ പൈപ്പിൽ
നിന്നുമുതിരുന്ന അവസാനത്തെ തുള്ളി വെള്ളത്തിന്റെ കട്ടിയേ ആ
കഥയ്ക്കുള്ളൂ താനും. പക്ഷേ ഉള്ളുലയ്ക്കുന്നത് കഥയ്ക്കുള്ളിലെ സന്ദർഭങ്ങളും,
അഭിനേതാക്കൾ നമ്മുടെ നെഞ്ചിലേക്ക് തൊടുത്തുവിടുന്ന വിസ്ഫോടനശേഷിയുള്ള
ചാട്ടുളികളുമാണ്. നീറി നീറിക്കത്തുന്ന ഉമിത്തീയിലേക്കാണ് പ്രശോഭ് നമ്മളെ
ഒന്നര മണിക്കൂർ കൊണ്ടു പോകുന്നത്. ഒരേ സമയം ത്രില്ലർ ആയിരിക്കുമ്പോൾ
തന്നെ പെർഫോമൻസിന് സ്പേസ് നൽകുന്ന ഇന്റൻസ് ഡ്രാമയുടെ ഫ്ലേവറും
അന്വേഷണം നൽകുന്നുണ്ട്. ജയസൂര്യ, വിജയ് ബാബു, ശ്രുതി രാമചന്ദ്രൻ,
ലിയോണ ലിഷൊയ്, ലെന,നന്ദു, ശ്രീകാന്ത് മുരളി, ജയ് വിഷ്ണു തുടങ്ങി
അഭിനയിച്ചവരെല്ലാവരും തന്നെ താന്താങ്ങളുടെ വേഷം
അവിസ്മരണീയമാക്കിയിട്ടുണ്ട്.

സമയം 3:30 ആകാറായി.ദിനുവിന്റെ ഓട്ടോ ഇപ്പോഴെത്തും. എനിക്കവനെ ഗേറ്റിൽ നിന്ന് സ്വീകരിക്കണം.വായുവിലെറിഞ്ഞു പിടിക്കണം.പോക്കറ്റിലിട്ടു കൊണ്ടുവന്ന കല്ല് കട്ടിലിനടിയിൽ ഒളിപ്പിച്ചു വെക്കാൻ അവനെ സഹായിക്കണം. അവൻ കാറ്റുപോലെ പറക്കുന്നത് കൺ നിറയെ കാണണം. നെഞ്ചു വേദനിക്കുന്നു. വെറും സെന്റിമെൻറൽ ഇഡിയറ്റാകുന്നു.

റേറ്റിംഗ്: ഇതിനെ റേറ്റ് ചെയ്യാൻ എനിക്കാവുന്നില്ല. എല്ലാവർക്കും ഇഷ്ടപ്പെടുമോ എന്നുമറിയില്ല. എന്നെ, പക്ഷേ, ഇനിയൊരുപാടു കാലം ഇത് വേട്ടയാടും, തീർച്ച.

PS: " മക്കൾ ജനിക്കുമ്പോഴാണ് അച്ഛൻമാരും ജനിക്കുന്നത്. അവർ മരിക്കുമ്പോഴോ.... "

By Jithesh Mangalath